4. മാവേലിക്കരയിൽ പ്രവർത്തിക്കുന്ന ഗ്രീഗുരു ഫാർമസ്യൂട്ടിക്കൽസ് എന്ന സ്ഥാപനം നിർമ്മിക്കുന്ന സുകൃതം ഹെർബർ ഓയിൽ എന്ന ഉൽപ്പന്നം

5. കൊട്ടാരക്കരയിൽ പ്രവർത്തിക്കുന്ന എം.വി.എം ആയുർവേദിക് റിസർച്ച് ലാബ് നിർമ്മിക്കുന്ന കൃഷ്ണതുളസി കഫ് സിറപ്പ് എന്ന ഉൽപ്പന്നം.

6. തൃശ്ശൂർ മാളയിൽ പ്രവർത്തിച്ചുവരുന്ന പാണ്ഡവ ഹെർബൽ റെമഡീസ് എന്ന സ്ഥാപനം നിർമ്മിച്ചുവരുന്ന മദനശക്തി ഓയിൽ എന്ന ഉൽപ്പന്നം

7. കേലിംഗ് ഡിസ്ട്രിബ്യൂട്ടേഴ്സ് എന്ന സ്ഥാപനം വിൽപ്പന നടത്തിവരുന്ന കേ വീഗോ എന്ന ഉൽപ്പന്നം.

മോട്ടോർ വാഹന വകുപ്പിലെ സേവനങ്ങൾ കാര്യക്ഷമമാക്കൽ

15 (*75) ശ്രീ. പി. ടി. എ. റഹീം :
ശ്രീ. മുരളി പെരുനെല്ലി :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മോട്ടോർ വാഹന വകുപ്പിലെ അഴിമതി തടയുന്നതിനും പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനുമായി സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) വകുപ്പിൽ നടപ്പാക്കിയ ഇ-ഗവേണൻസ് സംവിധാനങ്ങൾമൂലം വിവിധ സേവനങ്ങൾ നൽകുന്നതിനുള്ള കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(സി) ഇടനിലക്കാരെ ഒഴിവാക്കുന്നതിനായി ഇ-പേയ്മെന്റ് സംവിധാനം ഏർപ്പെടുത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ;

(ഡി) മോട്ടോർ വാഹന വകുപ്പിലെ രേഖകൾ ഡിജിറ്റലൈസ് ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ജോസ് തെറ്റയിൽ) :

(എ) ഫാസ്റ്റ് പ്രോജക്ട് (കമ്പ്യൂട്ടർവത്ക്കരണം), ഓൺലൈൻ അപേക്ഷ, ഫാസ്റ്റ് ട്രാക്ക് കൗണ്ടർ സംവിധാനം, എസ്.എം.എസ്. സംവിധാനം, സ്പീഡ്, പോസ്റ്റ് സംവിധാനം എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്. മോട്ടോർ വാഹന വകുപ്പിലെ അഴിമതി തടയാനും, പൊതുജനങ്ങൾക്ക് കാര്യക്ഷമമായി സേവനങ്ങൾ നൽകുന്നതിനുമായി താഴെപ്പറയുന്ന വിവിധ ഇ-ഗവേണൻസ് പദ്ധതികൾക്ക് കഴിഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

1. ഫാസ്റ്റ് പദ്ധതി (കമ്പ്യൂട്ടർവത്ക്കരണം)

2. ഫാസ്റ്റ് ട്രാക്ക് സംവിധാനം

3. ഓൺലൈൻ അപേക്ഷ

4. എസ്.എം.എസ്. സംവിധാനം

5. സ്പീഡ് പോസ്റ്റ് സംവിധാനം

6. ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

7. ഡ്രൈവർ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, കമ്പ്യൂട്ടർവൽകൃത വാഹനപരിശോധനാ കേന്ദ്രങ്ങൾ, ഡ്രൈവർ ടെസ്റ്റിംഗ് യാർഡുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) നടപടികൾ സ്വീകരിച്ചുവരുന്നു. വകുപ്പിന്റെ വെബ്സൈറ്റിന്റെ സുരക്ഷാ പരിശോധനകൾ തീരുന്ന മുറയ്ക്ക് ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കുന്നതാണ്.

(ഡി) പൂർണ്ണമായി ഡിജിറ്റലൈസ് ചെയ്തിട്ടില്ല. നിലവിൽ 55 ലക്ഷത്തോളം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകളും, 60 ലക്ഷത്തോളം ഡ്രൈവിംഗ് ലൈസൻസുകളും ഡിജിറ്റലൈസ് ചെയ്തിട്ടുണ്ട്. ഇതുകൂടാതെ ആഫീസുകളിൽ ലഭിക്കുന്ന അപേക്ഷകളും മറ്റ് അനുബന്ധ ഫയലുകളും ഡിജിറ്റലൈസ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

വർദ്ധിച്ചുവരുന്ന വാഹന അപകടങ്ങൾ നിയന്ത്രിക്കാൻ നടപടി

16 (*76) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വാഹന അപകടങ്ങൾ കുറയ്ക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(ബി) റോഡ് സൗകര്യങ്ങൾ മെച്ചപ്പെടാതെ വാഹനങ്ങളുടെ എണ്ണം ദിനംപ്രതി പെരുകുന്നത് നിയന്ത്രിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(സി) വാഹന പരിശോധന സംവിധാനം കൂടുതൽ ശക്തമാക്കുന്നതിനും വ്യാപിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ ;

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ജോസ് തെറ്റയിൽ) :

(എ) സംസ്ഥാനത്ത് റോഡപകടങ്ങൾ കുറയ്ക്കുന്നതിന് മോട്ടോർ വാഹന വകുപ്പ് നിരന്തരം വാഹനപരിശോധന നടത്തുന്നുണ്ട്. ഇതിനായി 17 റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും, ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിലും, മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ പ്രവർത്തിക്കുന്നുണ്ട്. അന്യ സംസ്ഥാനങ്ങളിൽനിന്ന് കേരളത്തിലേക്ക് വരുന്ന വാഹനങ്ങൾ വകുപ്പിന്റെ

LIBRARY ARCHIVES Kerala Legislative Assembly